നർമ്മ ഭാവന

# ബേബി ബൂമർ

ആരുവാണാവോ ഇങ്ങനെയൊക്കെയുള്ള വാക്കുകൾ സൃഷ്ടിക്കുന്നത് !
ബൂം എന്നതിന് "അഭിവൃദ്ധി", "പെട്ടന്നുള്ള വളർച്ച" എന്നൊക്കെ അർത്ഥമുണ്ടെന്ന് ഒരു നിഘണ്ടു പറയുന്നു. അതെ നിഘണ്ടു തന്നെ ബേബി ബൂമിന് അർത്ഥം കൊടുത്തിരിക്കുന്നത് "ഉയർന്ന ജനനനിരക്ക്" എന്നാണ്. അപ്പോൾ ബേബി ബൂമർ എന്നുവച്ചാൽ "ഉയർന്ന ജനനനിരക്ക് സൃഷ്ടിക്കുന്നവർ" എന്നോ മറ്റോ ആണോ!  ഒരു കാലഘട്ടത്തിൽ (1946 മുതൽ 1964 വരെ) ജനിച്ചവർക്ക് ഇങ്ങനെ പേരുദോഷം വരുത്തുന്ന പ്രയോഗങ്ങൾ മാറ്റേണ്ട സമയം അതിക്രമിച്ചില്ലേ എന്നൊരു സംശയം.

നമ്മുടെ മലയാള നാട്ടിൽ ഈ പ്രയോഗം സർവ്വസാധാരണമല്ലെന്നു തോന്നുന്നു. അവിടെ "ന്യൂജൻ", "ഓൾഡ് ജെൻ" എന്നൊക്കെ നല്ല സ്റ്റൈലായിട്ടു പറയും. അല്ലായിരുന്നെങ്കിൽ  ഈ ബൂമർമാരുടെ അവസ്ഥ വളരെ പരിതാപകരമായേനെ.

"ഈ  ബേബി ബൂമർ എന്നുവച്ചാൽ എന്താ?"

“ശ്ശെ .. കുട്ടികളുടെ മുമ്പിൽ വച്ചാണോ ഇങ്ങനെയുള്ള ചോദ്യങ്ങൾ "

ഇതിനെക്കുറിച്ചു അൽപസ്വൽപം അറിവുള്ളവർ, അകലെ ഒരു സിമന്റ് ബഞ്ചിൽ ഇരുന്നു കടൽ കാറ്റ് ആസ്വദിക്കുന്ന അറുപതുകളിൽ പ്രായമുള്ള ഒരാളെ കാട്ടികൊണ്ട് പറയും

"ദാ ... ആ ഇരിക്കുന്ന ആൾ ബേബി ബൂമറാ"

"കഷ്ടം, ഈ പ്രായത്തിലും കൈയിലിരിപ്പു നോക്കണേ”

ഇതുകേട്ട് അതുവഴിപോകുന്ന ഒരുപറ്റം സ്ത്രീകളുടെ പ്രതികരണം ഇതായിരിക്കും. അവർ ഇത് മറ്റുള്ളവരോട്  പറഞ്ഞു കാട്ടുതീ പോലെ പരത്തും.

"ദേ അയാളെ സൂക്ഷിച്ചോണേ.. അയാളൊരു ബേബി ബൂമറാണെന്ന്"

"ദൈവമേ.. നേരോ "

വിവിധ ഭാവങ്ങൾ കലർന്ന മുഖങ്ങൾ ആ പാവത്തിനെ ഉറ്റുനോക്കും. കുട്ടികളെ അവരുടെ കൺ വെട്ടത്തുനിന്നും അകറ്റിനിർത്തും.

ഇതുകൊണ്ടാണ് പറയുന്നത്  ഈ പ്രയോഗം മാറ്റണമെന്ന്

മറ്റുള്ള കൂട്ടർക്ക് "ഗ്രെയിറ്റസ്റ്റ് ജനറേഷൻ" എന്നോ "സൈലന്റ് ജനറേഷൻ" എന്നോ "ജനറേഷൻ എക്സ്" എന്നോ ഒക്കെയുള്ള ഫാൻസി പേരുകൾ കൊടുത്തിട്ട് ഒരുകൂട്ടർക്ക് മാത്രം ഒരു "ബേബിബൂമർ " .. നോട്ട് ഫെയർ !!

ബേബി ബൂമറുടെ വേറൊരു നിർവചനം അറിയാൻ കഴിഞ്ഞത് മറ്റൊരു ബേബി ബൂമറിൽ നിന്നു തന്നെയാണ് . അതും ഡോക്റ്ററുടെ ഓഫീസിൽ വച്ച്.

മനുഷ്യജീവിതം എന്നത് ഒരു കുന്നുകയറി ഇറങ്ങുന്നതുപോലെയാണ്. ആയുസ്സിൻറെ ആദ്യത്തെ രണ്ടുമൂന്നു വർഷം നിരപ്പുപാതയിലൂടെ നീങ്ങുന്നു. അതിനുശേഷം ഇരുപത്തിയഞ്ചു വയസുവരെ അല്പം ചരിഞ്ഞ കുന്നിലൂടെ നീങ്ങേണ്ടതുണ്ട്. തുടർന്ന് അൻപതു വയസുവരെ കുത്തനെയുള്ള കഠിനമായ കയറ്റം. അടുത്ത പത്തുവർഷം നിരപ്പെങ്കിലും കുണ്ടും കുഴികളും നിറഞ്ഞ ദുർഘടമായ യാത്ര. തുടർന്ന് കുത്തനെയുള്ള ഇറക്കമാണ്. ബലഹീനമായ കാലുകൾ വഴുതി വീഴാൻ ഏറെ സാധ്യതയുള്ള കുത്തനെയുള്ള ഇറക്കം. ഈ ഘട്ടത്തിൽ ഡോക്റുടെ കൈപിടിച്ച് സാവധാനം ഇറങ്ങേണ്ടതുണ്ട്. ഇല്ലെന്നാൽ ചിലപ്പോൾ വീണുരുളും. ഉരുണ്ടുണ്ട് പെട്ടന്ന് താഴെ എത്തും.

പ്രളയവും മഹാരോഗങ്ങളും നമ്മെ എല്ലാവരേയും ഒന്നിപ്പിക്കുന്നു. മതമില്ല, രാഷ്ട്രീയം ഇല്ല, സവർണ്ണ അവർണ്ണ ഭേദമില്ല. എല്ലാവരും ഒന്നുചേർന്ന് ശത്രുവിനെ നേരിടുന്നു. ശത്രു ഓടി മറയുന്നതോടെ എല്ലാം സുരക്ഷിതമായി എന്ന് തോന്നിത്തുടങ്ങിയാൽ "ശങ്കരനെ വീണ്ടും തെങ്ങിൽ കയറ്റുന്നു". ഏറ്റവും ഒടുവിലെത്തിയിരിക്കുന്ന ഭീകരൻ തോറ്റോടാൻ വിസമ്മതിക്കുന്നതു മൂലം "ശങ്കരനെ" ഇപ്പോഴും താഴെത്തന്നെ നിർത്തിയിരിക്കുകയാണ്. ഇവനെ ഓടിച്ചിട്ട് വേണം “ശങ്കരന്റെ” കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ..

രോഗങ്ങൾക്ക് വേർകൃത്യമില്ല. ആരെയും കടന്നാക്രമിക്കും. 'മാനുഷരെല്ലാരും ഒന്നുപോലെ' എന്ന കണക്കെ. ധനികനെന്നോ ദരിദ്രനെന്നോ ഉള്ള ഒരു പരിഗണനയും ഇല്ല. പക്ഷെ പണമുള്ളവനെ തൊട്ടുകളിച്ചാൽ ഈ രോഗങ്ങൾ ഒക്കെ വിവരം അറീം... പണം നന്നായി എറിയുമ്പോൾ സ്വദേശത്തും വിദേശത്തും ഉള്ള ഡോക്ടർമാർ എല്ലാം കൂടി ഒത്തുചേർന്ന് രോഗത്തിനെ തവിടുപൊടിയാക്കി തുരത്തി വിടും. പണത്തിനു മേലെ രോഗങ്ങൾക്കും പറക്കാൻ അത്ര ഈസി അല്ല. ഈ കാലഘട്ടത്തിൽ രോഗങ്ങൾ ഏറുന്നത് മൂലം ചില കൂട്ടരുടെ ബിഢിനെസ്സ് നന്നേ അഭിവൃദ്ധിപ്പെടുന്നു. ഒന്ന് അഴുകുന്നത് കൊണ്ടാണല്ലോ മറ്റൊന്നിനു വളമാകുന്നത്.

പറഞ്ഞുവന്നത് ബേബി ബൂമറുടെ കാര്യമാണല്ലോ.

ചില അസുഖങ്ങൾ വന്നു പെട്ടാൽ തുടച്ചയായി ഡോക്ടറെ സന്ദർശിക്കുകയും അവർ കുറിച്ചുതരുന്ന മരുന്നുകൾ മുടങ്ങാതെ കഴിക്കുകയും വേണം. അങ്ങനെ ഒരു സന്ദർശനത്തിന് ഡോക്റുടെ ഓഫീസിൽ എത്തിയതാണ് സന്ദർഭം. ഇത് കോവിഡ് ഭീകരൻ എത്തുന്നതിനു മുമ്പുള്ള സമയത്താണ്. അതുകൊണ്ട് മാസ്ക് ഇല്ലാതിരുന്നതിനാൽ ആളുകളുടെ മുഖവും മുഖത്തെ ഭാവങ്ങളും വ്യകതമായി കാണാൻ കഴിയും. ഇപ്പോൾ മാസ്ക് വയ്ക്കുന്നതുകൊണ്ട് വൈറസിനെ തടയുന്നതു കൂടാതെ ചില ആളുകളുടെ ഇറിറ്റേറ്റഡ്, ഗ്രംപി തുടങ്ങിയ ഭാവങ്ങൾ ഉള്ള മുഖങ്ങൾ കാണാതിരിക്കാനും കഴിയുന്നത് ആശ്വാസത്തിന് വക നൽകുന്നു.

ഡോക്ടറുടെ വിളി കാത്തു വെയ്റ്റിംഗ് റൂമിൽ ഇരിക്കുകയായിരുന്നു. അറുപതുകളുടെ സായാഹ്നത്തിൽ പ്രായം വന്നു നിൽക്കുന്ന രണ്ട് വെള്ളക്കാരികൾ ടിവിയിൽ നോക്കിയിരിക്കുന്നു. കാഴ്ചയിൽ അവർ അത്ര വിദ്യാസമ്പന്നരാണ് തോന്നുന്നില്ല.

ടിവിൽ  ബേബി ബൂമറിനെപ്പറ്റി ചർച്ച നടക്കുന്നു. അത് ശ്രദ്ധിച്ചിരുന്ന വെള്ളക്കാരികളിൽ ഒരാൾ

"എന്താണ് ഈ ബേബി ബൂമർ  ? ഈയിടെയായി ഇതിനെപറ്റി കുറെ കേൾക്കുന്നുണ്ടല്ലോ"

മറ്റേ വെള്ളക്കാരി ഒന്നാലോചിച്ചു. തെല്ലു ജ്ഞാനിയെപോലെ വിശദീകരിച്ചു. "ഞാൻ ഒരു ബേബി ബൂമറാണ്"

"ഓക്കേ"

"എനിക്ക് എന്റെ ആദ്യത്തെ കുട്ടി ജനിച്ചത് പതിനേഴാമത്തെ വയസിലാണ് അതാണ് ഞാൻ ബേബി ബൂമറായത്"

മറ്റവർക്ക്  സംഗതി മനസ്സിലായില്ലെന്ന് തോന്നുന്നു. അവരുടെ കൺഫ്യൂസ്ഡ് മുഖം കണ്ട് ബേബി ബൂമർ സ്ത്രീ വിശദീകരിച്ചു.

"ഇരുപത്തിയൊന്നാമത്തെ വയസിനുമുമ്പ് കുട്ടി ജനിക്കുകയാണെങ്കിൽ ആ കുട്ടിയുടെ പേരന്റ്സാണ്  ബേബി ബൂമർ "

"ഓ.. ഓക്കേ.. താങ്ക് യൂ " ജ്ഞാനം ലഭിച്ച സംതൃപ്തി അവരുടെ മുഖത്ത്

അപ്പോഴേക്കും ഡോക്ടറുടെ വിളി വന്നു കഴിഞ്ഞിരുന്നു.

**Written by Prasad Nair**